(ഡി) ഭൂവിതരണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 7693 ഹെക്ടർ വനഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ചില നിബന്ധനകൾക്ക് വിധേയമായി ലഭിച്ചിട്ടുണ്ട്. നിബന്ധനകൾ പാലിച്ചശേഷം മാത്രമേ ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള ഭൂമി കൈമാറാൻ പാടുള്ളൂ എന്നാണ് കേന്ദ്ര സർക്കാരിന്റെ നിബന്ധന.

(ബി) യൂസ്സർ ഏജൻസിയിൽ നിന്നും വിതരണത്തിന് കൈമാറേണ്ട വന ഭൂമിയുടെ നെറ്റ് പ്രസന്റ് വാല്യൂ വാങ്ങാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വനഭൂമിയുടെ നെറ്റ് പ്രസന്റ് വാല്യൂ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കാനായി സംസ്ഥാന സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഡബ്ല്യു.പി. (സിവിൽ) 202/95-ൽ ഐ.എ. 1137/04 ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) വനഭൂമി പൂർണ്ണമായും വിട്ടുകിട്ടിയശേഷമേ വിതരണം സംബന്ധിച്ച നടപടികൾ ആരംഭിക്കാനാകുകയുള്ളൂ.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കലാ-സാംസ്കാരിക സംഘടനകൾ

90 [191] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കലാ-സാംസ്കാരിക സംഘടനകൾക്ക് സംസ്ഥാന തലത്തിൽ പ്രോത്സാഹനവും സഹായങ്ങളും നൽകാൻ ഒരു ഏകീകൃത സംവിധാനം നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രാചീനകലകളെ പ്രോത്സാഹിപ്പിക്കാൻ കലാ-സാംസ്കാരിക സംഘടനകൾ മുഖേന പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കാമോ;

(സി) ഗ്രന്ഥശാലകൾക്ക് കൊടുക്കുന്ന ഗ്രാന്റ് പോലെ സാംസ്കാരിക സമിതികൾക്കും ഗ്രഡേഷൻ നടത്തി ഗ്രാൻറും മറ്റും ലഭ്യമാക്കുമോ;

(ഡി) മൺമറഞ്ഞുപോയതും നഷ്ടമായിക്കൊണ്ടിരിക്കുന്നതുമായ പ്രാചീന കലകളെ പുനരുദ്ധരിച്ച് നിലനിർത്തുവാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ഇ) പ്രാചീന കലാവിശാരദർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുമോ;

(എഫ്) ദേശീയോദ്ഗ്രഥനം, സാംസ്കാരിക വിനിമയം എന്നിവ ലക്ഷ്യമാക്കി ഗ്രാമീണ കലാസംഘടനകൾക്ക് ടൂറുകൾ സംഘടിപ്പിച്ച് വിനിമയബന്ധം ഉറപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ), (ബി) & (സി) കലാ-സാംസ്കാരിക രംഗത്ത് മികച്ച സേവനം കാഴ്ച വയ്ക്കുന്ന സംഘടനകൾക്ക് ധനസഹായം നൽകുന്ന പദ്ധതി സാംസ്കാരികകാര്യ വകുപ്പിൽ നിലവിലുണ്ട്.

(ഡി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ അക്കാദമികളും കലാ സാംസ്കാരിക സ്ഥാപനങ്ങളും ഇത്തരം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

(ഇ) അവശകലാകാരന്മാർക്ക് പെൻഷൻ നൽകുന്നുണ്ട്.

(എഫ്) ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ സർക്കാർ ചെലവിൽ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുക പ്രയാസമാണ്.

ശ്രീ. പി. കെ. നാരായണപിള്ള സ്മാരകം

91 [192] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയാളത്തിന്റെ കുലപതിയായിരുന്ന സാഹിത്യപഞ്ചാനനൻ ശ്രീ. പി. കെ. നാരായണപിള്ളയുടെ അമ്പലപ്പുഴയിലെ ആമയിടയിലുള്ള ജൻമഗൃഹം ഏറ്റെടുത്ത് അദ്ദേഹത്തിന്റെ സ്മാരകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കുന്നതാണ്.

നക്ഷത്രചിഹ്നമിടാത്ത 9, 21, 22, 23, 24, 25, 26, 27, 30, 32, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49, 50, 51, 52, 53, 54, 55, 56, 57, 58, 59, 60, 62, 63, 65, 66, 67, 68, 69, 70, 71, 72, 73, 74, 75, 76, 77, 78, 79, 80, 81, 82, 83, 84, 85, 86, 89, 90, 91, 92, 93, 94, 98, 99, 100, 104, 105, 106, 107, 108, 109, 111, 112, 114, 117, 118, 122, 123, 124, 125, 129, 138, 139, 140, 141, 158, 160, 161, 162, 163, 168, 170, 171, 175, 176, 180, 185, 187 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly